പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3506

14.10.2011 ൽ
മറുപടിയ്ക്ക്

## സ്മാർട്ട്സിറ്റി കരാർ ഭേദഗതി നിർദ്ദേശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ ; | ശ്രീ. പി.കെ. കുഞ്ഞാലികുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും മന്ത്രി) |
| എ) മുൻ സർക്കാർ ഒപ്പുവച്ച സ്മാർട്ട് സിറ്റി കരാറിന്റെ ഏതെല്ലാം വ്യവസ്ഥകളിൽ മാറ്റം വരുത്തിക്കൊണ്ടാണ് ഈ ഗവൺമെന്റ് കരാറിൽ ഭേദഗതി വരുത്തിയതെന്ന് വ്യക്തമാക്കുമോ; | എ) 13.5.2007 ൽ കേരള സർക്കാരും TECOM Investment FZ-LLC യുമായി ഒപ്പുവച്ച ഫ്രെയിംവർക്ക് എഗ്രിമെന്റിൽ മാറ്റം വരുത്തിയിട്ടില്ല. എന്നാൽ നേരത്തേ സമ്മതിച്ചിരുന്ന 246 ഏക്കർ സ്ഥലത്തിനു പുറമെ 4 ഏക്കർ സ്ഥലം കൂടി പദ്ധതി സ്ഥാപിക്കുവാൻ വിട്ടുകൊടുക്കുന്നതിന് ധാരണയായിട്ടുണ്ട്. |
| ബി) ഭേദഗതിയോടുകൂടി ഒപ്പുവച്ച സ്മാർട്ട് സിറ്റി കരാറിന് മന്ത്രിസഭയുടെ അനുമതി വാങ്ങിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി), (സി) ആന്റ് (ഡി) ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല. |
| സി) ഏത് ദിവസത്തെ മന്ത്രിസഭയുടെ എത്രാം നമ്പർ തീരുമാനപ്രകാരമാണ് കരാറിലെ ഭേദഗതി നിർദ്ദേശങ്ങൾ അംഗീകരിക്കപ്പെട്ടതെന്ന് വ്യക്തമാക്കുമോ; | |
| ഡി) മന്ത്രിസഭ അംഗീകരിച്ച ഭേദഗതി നിർദ്ദേശങ്ങളിൽ ഭൂവിനിയോഗം സംബന്ധിച്ച ഭേദഗതി നിർദ്ദേശങ്ങൾ എന്തായിരുന്നുവെന്നും ഇത് സംബന്ധിച്ച് ടീ കോം കമ്പനിയുമായി ഒപ്പുവച്ച അന്തിമ കരാർ എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ